83 (509) കൊടുമൺ-നെടുമൺകാവ് റോഡിലെ കലുങ്കുകളുടെ അറ്റകുറ്റപ്പണി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കൊടുമൺ-നെടുമൺകാവ് റോഡിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ആശുപത്രി ജംഗ്ഷൻ സമീപമുള്ളതും ഒറ്റത്തേക്കിലെ പാറത്തും പാടിന് സമീപമുള്ളതുമായ കവുങ്കുകൾ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കവുങ്കുകൾ പുതുക്കി പണിയാനാവശ്യമായ നടപടി കൈക്കൊള്ളുമോ;

(സി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്; ഇല്ലെങ്കിൽ അതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വർഷത്തെ ഫ്ലഡ് ഡാമേജ് സ്കീമിൽ ഉൾപ്പെടുത്തി കലുങ്കുകൾ പുതുക്കിപ്പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് അനന്തരനടപടികൾക്കായി പരിശോധിച്ചുവരുന്നു.

84 (510) കല്പത്തൂർ-പാടിക്കുന്ന് റോഡ്

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കല്പത്തൂർ-പാടിക്കുന്ന് റോഡ് നന്നാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെന്റിന് നൽകിയ നിവേദനത്തിന്മേൽ (ഫയൽ നമ്പർ 205/വി.ഐ.പി/99/171/1999) എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കല്പത്തൂർ-പാടിക്കുന്ന് റോഡ് എം.ഡി.ആർ സ്റ്റാൻഡേർഡിൽപ്പെട്ട കൽപ്പത്തൂർ-വെള്ളി-പുളിയോട്ട്മുക്ക്-നരയംകുളം റോഡിന്റെ ഭാഗമാണ്. ഈ പ്രവൃത്തി കഴിഞ്ഞ മഴക്കാലത്ത് നിർത്തിയതിനു ശേഷം ഇപ്പോൾ തുടങ്ങിയിട്ടുണ്ട്; പണി പുരോഗതിയിലാണ്.

85 (513) കോട്ടാലിൽ പാലം നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി

ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly